**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3489** **05-08-2021 - ൽ മറുപടിയ്ക്ക്**

**വൈജ്ഞാനിക സമ്പദ്ഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അനുകൂല സാഹചര്യം കണക്കിലെടുത്ത് കേരളത്തെ വൈജ്ഞാനിക സമ്പദ്ഘടനയിലേക്ക് നയിക്കുവാൻ സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ? | (എ) | കേരള ഗവൺമെന്റ് 2021-22 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരള നോളജ് മിഷൻ എന്ന പേരിൽ ഒരു ബൃഹത്തായ തൊഴിൽ പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. അഞ്ച് വർഷത്തിനുള്ളിൽ 20 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനായി തൊഴിൽ അന്വേഷകർക്ക് രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ നൈപുണ്യ വർദ്ധനവിനും തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിച്ച് തൊഴിൽ ലഭ്യമാക്കുന്നതിനും കേരള ഡെവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) ഒരു ഡിജിറ്റൽ പ്ലാറ്റ് ഫോം തയ്യാറാക്കുമെന്നും പ്രഖ്യാപിക്കുകയുണ്ടായി. ഇത് സംബന്ധിച്ച വിശദമായ സർക്കാർ ഉത്തരവ് (കൈ) നം. 13/2021/പ്ലാനിംഗ്, തീയതി 22.05.2021 പ്രകാരം സർക്കാർ നിർദ്ദേശിച്ചതനുസരിച്ച്, അഞ്ച് വർഷം കൊണ്ട് 20 ലക്ഷം പേർക്ക് നോളജ് എക്കണോമി മിഷന്റെ ഭാഗമായി ഡിജിറ്റൽ പ്ലാറ്റ് ഫോം സ്ഥാപിച്ച് തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള സമഗ്ര പരിപാടിയുടെ സ്ട്രാറ്റജിക് പ്ലാൻ കെ-ഡിസ്ക് തയ്യാറാക്കി സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ച് വരികയാണ്. താഴെപ്പറയുന്ന നാല് കാര്യങ്ങൾ മുൻനിർത്തിയാണ് സ്ട്രാറ്റജിക് പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. 1. ഭാവിയിലെ തൊഴിൽ സാദ്ധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് തൊഴിൽ രഹിതരായ വിദ്യാസമ്പന്നർക്കും കരിയർ ബ്രേക്ക് വന്ന പ്രൊഫഷണലുകൾക്കും ഡിജിറ്റൽ പോർട്ടലിൽ രജിസ്ട്രേഷൻ നടത്തുന്നതിനും പരിശീലനം നൽകുന്നതിനും തൊഴിൽ ദാതാക്കളുമായി സമ്പർക്കം പുലർത്തുന്നതിനും ആവശ്യമായ അവസരങ്ങൾ ഒരുക്കുക. 2. മേൽ വിഭാഗങ്ങൾക്ക് കരിയർ |

| | | | |
|---|---|---|---|
| | | | കൗൺസിലിംഗിനായി ഒരു സംവിധാനം ഒരുക്കുകയും നൈപുണി- മൂല്യനിർണയ പരിശീലന പരിപാടികളിലൂടെ ഇവരെ കൈപിടിച്ചുയർത്തുകയും ചെയ്യുക. 3. പരിശീലനം ലഭിച്ച തൊഴിൽ അന്വേഷകർക്ക് തൊഴിൽ ദാതാക്കളുമായി ബന്ധപ്പെട്ട് തൊഴിൽ ലഭ്യമാക്കുവാൻ സഹായിക്കുക. 4. താമസസ്ഥലത്തു നിന്നും (വർക്ക് നിയർ ഹോം/ വർക്ക് ഫ്രം ഹോം) ജോലിയിൽ ഏർപ്പെടുന്ന വിജ്ഞാന തൊഴിലാളികൾക്കായി സാമൂഹിക സുരക്ഷാ സംവിധാനവും അടിസ്ഥാന സൗകര്യവും സജ്ജമാക്കുക. മേൽ ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് വിശദമായ സ്റ്റാറ്റജിക് പേപ്പർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. തൊഴിൽ അന്വേഷകർക്കും അഭ്യസ്തവിദ്യർക്കും തൊഴിൽ ലഭ്യമാക്കുന്നതിനായി രജിസ്ട്രേഷൻ നടത്തുവാൻ DWMS (ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം) എന്ന ഡിജിറ്റൽ പോർട്ടൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടുകൂടി രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം 9.2.2021 ന് ഔദ്യോഗികമായി ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. 23.07.2021 തീയതിവരെ ആകെ 34719 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 44 പ്രവാസികളും പ്രസ്തുത പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. കൂടാതെ 23.07.2021 തീയതി വരെ 168 പേർക്ക് ജോലി നൽകുവാനും സാധിച്ചിട്ടുണ്ട്. ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിൽ നിന്നും പാവപ്പെട്ടവർ പുറന്തള്ളപ്പെടാതിരിക്കുന്നതിനുവേണ്ടി പ്രത്യേകമായ കർമ്മ പരിപാടികൾ കെ-ഡിസ്കിന്റെ സ്റ്റാറ്റജിക് പേപ്പറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിജ്ഞാന തൊഴിലാളികൾക്ക് ഇൻഷുറൻസ്, മെഡിക്കൽ ഇൻഷുറൻസ് തുടങ്ങിയ ആനുകൂല്യങ്ങളോടൊപ്പം വർക്ക് നിയർ ഹോം \| വർക്ക് ഫ്രം ഹോം സൗകര്യങ്ങൾക്കായി കുറഞ്ഞ പലിശ നിരക്കിൽ ഉപകരണങ്ങൾ, വർക്ക് സ്റ്റേഷൻ സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കുക എന്നതിനും കെ-ഡിസ്ക് കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഡിജിറ്റൽ - സമ്പദ് വ്യവസ്ഥയിൽ നിന്നും പുറന്തള്ളപ്പെടുന്നവരെ ശാക്തീകരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് 'പ്ലാറ്റ് ഫോം കോപ്പറേറ്റീവ്' എന്ന നൂതനമായ ആശയം കൂടി സ്റ്റാറ്റജിക് പേപ്പറിൽ മുന്നോട്ടു വെച്ചിട്ടുണ്ട്. 4000 കോപ്പറേറ്റീവ് പ്ലാറ്റ് ഫോം രൂപീകരിക്കാനാണ് കെ-ഡിസ്ക് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ